**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3724 — 25.06.2013-ലെ മറുപടിയ്ക്ക്

# കോ-ഓപ്പറേറ്റീവ് ഗ്യാരന്റി സ്കീം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കേരള കോ-ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം 2012 നടപ്പാക്കുന്നതിനായി ഒരു ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; | (എ) രൂപീകരിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും മുഴുവൻ ഡെപ്പോസിറ്റിന്റെയും ആനുപാതികമായി 0.1% തിരിച്ചുകിട്ടാത്ത പ്രീമിയമായി നിർബന്ധമായി പിരിച്ചെടുക്കുന്നതിന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; | (ബി) നിക്ഷേപം സ്വീകരിക്കുന്ന വായ്പ സഹകരണ സംഘങ്ങളിലെ ഓരോ 100 രൂപ നിക്ഷേപത്തിനും 10 പൈസ വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ പ്രീമിയമായി നിക്ഷേപ ഗ്യാരന്റി ബോർഡിലേയ്ക്ക് അടയ്ക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) മുഴുവൻ ഡെപ്പോസിറ്റ് തുകയ്ക്കും തുല്യമായ ഇൻഷ്വറൻസ് കവറേജ് ഈ സ്കീം വഴി ഉറപ്പുവരുത്തിയിട്ടുണ്ടോ; | (സി) വായ്പ സഹകരണ സംഘങ്ങളിലെ നിക്ഷേപകന്റെ പരമാവധി ഒന്നര ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകാനാണ് സ്കീമിൽ വ്യവസ്ഥയുള്ളത്. മുഴുവൻ നിക്ഷേപ തുകയ്ക്കും ഇൻഷ്വറൻസ് കവറേജ് ലഭിക്കില്ല. |
| (ഡി) ലിക്വിഡേറ്റ് ചെയ്തു പോകുന്ന അവസരത്തിൽ മാത്രം ഡെപ്പോസിറ്റിന്റെ ചെറിയ | (ഡി) നിക്ഷേപകന്റെ താൽപര്യം സംരക്ഷിക്കുക എന്നതാണ് സ്കീമിന്റെ ലക്ഷ്യം. ലിക്വിഡേഷൻ |

| | |
|---|---|
| ശതമാനം മാത്രം നിക്ഷേപകന് ഉറപ്പ് നൽകുന്ന ഈ സ്കീം നല്ലരീതിയിൽ പ്രവർത്തിക്കുന്ന ബാങ്കുകൾക്ക് അധികഭാരം വരുത്തിവയ്ക്കുന്നതുമൂലം, താൽപര്യമുള്ള പ്രാഥമിക സഹകരണ ബാങ്കുകൾക്കു മാത്രമായി ഈ സ്കീം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഉൾപ്പെടെ ഏത് തരത്തിലുള്ള കാരണത്താലും നിക്ഷേപകന് നിക്ഷേപ തുക ലഭിക്കാതെ വന്നാൽ വായ്പ സഹകരണ സംഘം പ്രീമിയം അടച്ചിട്ടുണ്ടെങ്കിൽ നിക്ഷേപകന് നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരം പരിരക്ഷ ലഭിക്കും. കേരള സഹകരണ സംഘം നിയമത്തിൽ ഭേദഗതി വരുത്തി കേരള നിയമസഭ, കേരള സഹകരണ സംഘം (ഭേദഗതി) നിയമം 2013 (2013 ലെ 8-ാം നമ്പർ നിയമം) പാസ്സാക്കിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി നിയമത്തിൽ വകുപ്പ് 57(ബി) യിൽ ഉപവകുപ്പ് (3) കൂട്ടിച്ചേർക്കുകയും നിക്ഷേപ ഗ്യാരന്റി സ്കീം ബാധകമായ എല്ലാ സഹകരണ സംഘങ്ങളും പ്രസ്തുത സ്കീമിൽ 6 മാസത്തിനകം ചേരണമെന്നും സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കാനുള്ള അവകാശം നഷ്ടമാകുമെന്നും, സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾ നിക്ഷേപം സ്വീകരിക്കുന്നതിൽ നിന്നും വിലക്ക് കൽപിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാറെ അധികാരപ്പെടുത്തിയും വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ആകയാൽ താൽപര്യമുള്ള പ്രാഥമിക സഹകരണ ബാങ്കുകൾക്ക് മാത്രമായി ഈ സ്കീം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ